# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1938

25/03/2013 - ൽ മറുപടിക്ക്

## ഫോറൻസിക് വിദഗ്ദ്ധരുടെ തസ്തിക വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഫോറൻസിക് പരിശോധന പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ; | (എ) | 3874 |
| (ബി) സംസ്ഥാന പോലീസിൽ ഇപ്പോഴുള്ള ഫോറൻസിക് വിദഗ്ദ്ധരുടെയും ക്രിമിനോളജിസ്റ്റുകളുടെയും എണ്ണം വ്യക്തമാക്കുമോ; ഇവരിൽ ഫോറൻസിക് സയൻസ് ബിരുദാനന്തരബിരുദമുള്ള എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 48 ഫോറൻസിക് വിദഗ്ദ്ധർ ഉണ്ട്. ക്രിമിനോളജിസ്റ്റ് എന്ന തസ്തിക ഫോറൻസിക് സയൻസ് ലാബിൽ നിലവിലില്ല. ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ള ആരും ഇല്ല. |
| (സി) ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശ പ്രകാരം കേരളത്തിൽ ആവശ്യമായ ഫോറൻസിക് വിദഗ്ദ്ധരുടെ തസ്തിക എത്രയെന്നു വ്യക്തമാക്കുമോ; | (സി) | 50 |
| (ഡി) സംസ്ഥാന പോലീസിൽ ഫോറൻസിക് വിദഗ്ദ്ധരുടെ എത്ര തസ്തികകളാണു നിലവിലുള്ളതെന്നു വ്യക്തമാക്കുമോ; ഇതു വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ഡി) | 67 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ